"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിൽ എൽ ഡി ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ച് വരുന്ന കോഴിക്കോട് സബ്കോടതിയിലെ എൽ ഡി ടൈപ്പിസ്റ്റായ ശ്രീമതി പ്രീത വൈ.എസിന്റെ അന്യത്ര സേവന കാലാവധി - ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1528/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/07/2019

പരാമർശം:- 1 10.05.2013 ലെ 42/20132/ഫിൻ നമ്പർ സർക്കുലർ

2 28.11.2013 ലെ സ.ഉ.(പി) നം.580/2013/ഫിൻ നമ്പർ ഉത്തരവ്

3 17/07/2018 ലെ സ.ഉ.(സാധാ) നം. 1949/2018/തസ്വഭവ നമ്പർ ഉത്തരവ്

4 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 13/05/2019ലെ 915/A1/TLSGIs/2019 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിൽ എൽ.ഡി.ടൈപ്പിസ്റ്റായി പരാമർശം (3) പ്രകാരം അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ച, കോഴിക്കോട് സബ്കോടതിയിലെ എൽ.ഡി.ടൈപ്പിസ്റ്റായ, ശ്രീമതി പ്രീത വൈ.എസിന്റെ അന്യത്ര സേവന കാലാവധി 21/08/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിൽ എൽ ഡി ടൈപ്പിസ്റ്റായി ശ്രീമതി പ്രീത വൈ.എസിന്റെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾ ഭാഗം1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 21.08.2019 മുതൽ ഒരു വർഷത്തേയ്ക്ക്

ദീർഘിപ്പിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൽ**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ,

തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി

മുഖാന്തിരം)

രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം,

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ